**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1602** **15-03-2022 - ൽ മറുപടിയ്ക്ക്**

**മൃഗ സംരക്ഷണ ഫാമുകളിൽ കാർഷിക എഞ്ചിനീയറിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം, കൊല്ലം ജില്ലാ പഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ ഫാമുകളിൽ കാർഷിക വൈദഗ്ധ്യം വേണ്ട എഞ്ചിനീയറിംഗ് ജോലികൾ നടപ്പാക്കേണ്ടത് കൃഷി വകുപ്പാണോ; ഇതു സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | അല്ല |
| (ബി) | തിരുവനന്തപുരം,കൊല്ലം ജില്ലകളിൽ കൃഷി വകുപ്പിന്റെ കാർഷിക എഞ്ചിനീയറിംഗ് വിഭാഗം ഏറ്റെടുത്ത് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം ആണ്; വിശദാംശം നൽകാമോ; | (ബി) | കൃഷി വകുപ്പിന്റെ കാർഷിക എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മേല്പറഞ്ഞ ജില്ലാ പഞ്ചായത്തുകളുടെ കീഴിലുള്ള മൃഗസംരക്ഷണ ഫാമുകളിൽ കാർഷിക വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നിസ്സഹരണത്താൽ കാർഷിക എഞ്ചിനീയറിംഗ് വൈദഗ്ധ്യമുള്ള ഏതെല്ലാം പദ്ധതികൾ നടപ്പാക്കാതെപോയിട്ടുണ്ട്;അതിൻ പ്രകാരം മൃഗസംരക്ഷണവകുപ്പിന്റെയോ ജില്ലാ പഞ്ചായത്തിന്റെയോ ഫണ്ടുകൾ ലാപ്സായിട്ടുണ്ടോ;വിശദാംശം നൽകാമോ; ഉണ്ടെങ്കിൽ ഇതിനു ത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 1 | കസ്റ്റം ഹയറിംഗ് സെന്റർ മെഷിനറി റിപ്പയറിംഗ് | പദ്ധതി നടപ്പിലാക്കി വരുന്നു. |
| 2 | കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാം അടിസ്ഥാന സൗകര്യ വികസനം അറ്റകുറ്റപ്പണികൾ | പദ്ധതി പൂർത്തിയായി |
| 3 | കൊട്ടാരക്കര സീഡ് ഫാം അടിസ്ഥാന സൗകര്യവികസനം അറ്റകുറ്റപ്പണികൾ | പദ്ധതി നടപ്പിലാക്കി വരുന്നു. |
| 4 | പൊലിയോപൊലി കാർഷിക യന്ത്രങ്ങളുടെ മെയിന്റനൻസ് റിപ്പയർ | പദ്ധതി നടപ്പിലാക്കി വരുന്നു. |
| 5 | അഞ്ചൽ- കൃഷി ഫാം പ്രവേശന കവാടം | പദ്ധതി നടപ്പിലാക്കി വരുന്നു. |
| 6 | കസ്റ്റം ഹയറിംഗ് സെന്ററിലേയ്ക്ക് ഹാർവെസ്റ്റർ വാങ്ങൽ | പദ്ധതി പൂർത്തിയായി |
| 7 | കടയ്ക്കൽ സീഡ് ഫാം കെട്ടിടങ്ങളുടെ വൈദ്യുതീകരണം | പദ്ധതി പൂർത്തിയായി |
| 8 | AEE (agri)ഓഫീസിൽ കസ്റ്റം ഹയറിംഗ് സെന്റർ ആൻഡ് ട്രയിനിംഗ് സെന്റർ പുനരുദ്ധാരണം | പദ്ധതി നടപ്പിലാക്കി വരുന്നു. |
| 9 | ലേബേഴ്സ് വെയ്റ്റിംഗ് ഷെഡ്ഡിന്റേയും പൗൾട്രി ഷെഡിന്റേയും അധിക പ്രവർത്തികളും മെയിന്റനൻസും SCN കരുനാഗപ്പള്ളി -ഫാം സൗന്ദര്യ വത്കരണം | പദ്ധതി നടപ്പിലാക്കി വരുന്നു. |
| 10 | അടിസ്ഥാന സൗകര്യ വികസനം SSF കൊട്ടാരക്കര സ്ലൂയിസ് കൾവർട്ട് സംരക്ഷണ ഭിത്തി ഓട നിർമ്മാണം | പദ്ധതി പൂർത്തിയായി. |
| 11 | അടിസ്ഥാന സൗകര്യ വികസനം- SSF കടയ്ക്കൽ | പദ്ധതി പൂർത്തിയായി |
| 12 | അടിസ്ഥാന സൗകര്യ വികസനം - DAF അഞ്ചൽ | പദ്ധതി പൂർത്തിയായി |

കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, ലാബുകൾ, പാടശേഖരങ്ങളിലെ വിവിധ പ്രവർത്തികളും, കാർഷിക കർമ്മസേന അഗ്രോ സർവ്വീസ് സെന്ററുകൾക്ക് ആവശ്യമായ യന്ത്രങ്ങൾ വാങ്ങി നൽകുകയും, പരിശീലനം നൽകുകയും ചെയ്യുന്നു. ജില്ലാ തല കസ്റ്റം ഹയറിംഗ് സെന്ററും ട്രാക്ടർ ഡ്രൈവിംഗ് സ്കൂളും ഈ ഓഫീസുമായി ബന്ധപ്പെട്ട് നടത്തി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളായ സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) പ്രധാനമന്ത്രി കൃഷി സിഞ്ചയീ യോജന (PMKSY) എന്നീ പദ്ധതികളും നടത്തി വരുന്നു. കൂടാതെ കൃഷി വകുപ്പ് വാഹനങ്ങളുടേയും കാർഷിക യന്ത്രങ്ങളുടേയും അറ്റകുറ്റ പണികളും ജില്ലയിലെ കാർഷിക എൻജിനീയറിംഗ് വിഭാഗം മുഖേന

നടപ്പിലാക്കി വരുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിലും ലാബുകളിലും വിവിധ പാടശേഖരങ്ങളിലും, RIDF, RKVY എന്നീ പദ്ധതികൾ മുഖാന്തിരമുള്ള വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും, നിർമ്മാണ പ്രവർത്തികളും നടത്തി വരുന്നു. കൂടാതെ കാർഷിക കർമ്മസേന അഗ്രോ സർവ്വീസ് സെന്റർ എന്നിവയ്ക്ക് ആവശ്യമായ യന്ത്രങ്ങൾ വാങ്ങി നല്കുകയും, പരിശീലനം നൽകുകയും ചെയ്യുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളായ SMAM,PMKSY എന്നിവ മുഖേന ജില്ലയിലെ കർഷകർക്ക് സബ്സിഡി നിരക്കിൽ യന്ത്രങ്ങൾ ലഭ്യമാക്കുകയും ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഡ്രിപ് ഇറിഗേഷൻ സ്കീമും നടത്തി വരുന്നു. കൃഷി വകുപ്പ് വാഹനങ്ങളുടേയും കാർഷിക യന്ത്രങ്ങളുടേയും അറ്റകുറ്റ പണികളും ജില്ലയിലെ കാർഷിക എൻജിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കി വരുന്നുണ്ട് .

സെക്ഷൻ ഓഫീസർ